Mr. A. L. Antony *(Irinjalakkuda):* Those who have put up, though in a minority, have they been granted *pattas*?

Mr. A. Madhava Prabhu *(Diwan Peishkar):* They have not been granted. The question is one and the same in all the cases. There is no question of refusing *pattas.*

Mr. A. L. Antony *(Irinjalakkuda):* The question is, if one alone does not satisfy all the conditions, the others are not granted *pattas.*

Mr. A. Madhava Prabhu *(Diwan Peishkar):* What is further thing that has to be done in matters like this?

Mr. President: Nothing happens by their not being given *patta.*

Mr. K. R. Viswambharan *(Ezhuvas-Talappalli):* May I know, Sir, whether this locality is a habitable one?

Mr. A. Madhava Prabhu *(Diwan Peishkar):* The locality is a habitable one.

Mr. President: I have seen it myself. It is just to the east of the Malayattur Church by the side of the Malayattur river. There were teak plantations to be removed. It is a very fertile place.

Mr. P. K. Madhava Menon *(Narakkal):* Is there any easy communication to that site?

Mr. President: Up to the church we have got a road.

Mr. P. K. Madhava Menon *(Narakkal):* There is some difficulty in crossing.

Mr. President: This is the *paramba* just to the east of the church. The difficulty is because there is a small *thodu* there.

Dr. A. R. Menon *(Minister for Rural Developmnt):* That matter is going to be taken in hand.

FISHERIES—LEASED TO DEPRESSED CLASS CO-OPERATIVE SOCIETIES

210. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ, മുകുന്ദപുരം ഈ താലൂക്കുകളിലെ മത്സ്യക്കാപ്പുകളിൽ ഏതെല്ലാം മത്സ്യക്കാപ്പുകളാണ് ഫ ഫ ഫ ന്നു-ൽ അധഃകൃതരുടെ പരസ്പരസഹായസംഘങ്ങൾക്ക് ഏല്പിച്ചുകൊടുത്തിട്ടുള്ളതു;

(ബി) ലേലസംഖ്യയിൽ കുറവുചെയ്ത പ്രത്യേക ആനുകൂല്യത്തിന്മേലല്ലെ അവരെ ഏല്പിച്ചിട്ടുള്ളതു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽനിന്നുണ്ടായിട്ടുള്ള ആദായത്തിൽനിന്നു സംഘങ്ങളിലേക്കു് ഏതെങ്കിലും സംഖ്യ ഏതെങ്കിലും സംഘത്തിലേക്കു ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതേതു സംഘങ്ങൾക്കു് എത്രീ രൂപ്പിക ലഭിച്ചിട്ടുണ്ടു് ;

(ഇ) ഇങ്ങിനെ ഏല്പിക്കുന്നതുമൂലം ഗവമ്മെണ്ടിനു നഷ്ടവും സമുദായപ്രമാണികൾക്കു ലാഭവും ഉണ്ടാകുന്നതല്ലാതെ അധഃകൃതക്കോ അവരുടെ സംഘങ്ങൾക്കോ വല്ല ഗുണവും ഉണ്ടാകുന്നുണ്ടോ ?

മിസ്റ്റർ എ. മാധവപ്രഭു :

(എ) ഫ ഫ ഫസ്-ൽ അധഃകൃതസംഘങ്ങൾക്കു് ഏല്പിച്ചുകൊടുത്തിട്ടുള്ള മത്സ്യക്കാപ്പുകളുടെ ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ടു്. (അനുബന്ധം നോക്കുക.)

(ബി) ലിസ്റ്റിൽ ൪, ൫, ൬ നമ്പ്രകാരം ഒഴികെ ബാക്കി കാപ്പുകളെല്ലാം ലേലം കൂടാതെയാണു് ഏല്പിച്ചിട്ടുള്ളതു്. ൪, ൫, ൬ നമ്പ്രകാരം ലേലം ചെയ്തതിൽ കിട്ടിയ സംഖ്യക്കാണു് ഏല്പിച്ചിട്ടുള്ളതു്.

(സി) വിവരം അറിവില്ല.

(ഡി) വിവരം അറിവില്ല.

(ഇ) സംഘങ്ങൾക്കും സംഘാംഗങ്ങൾക്കും ഒരുപോലെ ഗുണപ്രദമാകുമെന്നു് ഉദ്ദേശിച്ചിട്ടാണു് ഇപ്രകാരം ചെയ്യുന്നതു്. സംഘങ്ങൾ മത്സ്യത്തൊഴിലാളികളും സാധുക്കളും ആകയാൽ അവരുടെ രക്ഷയെ ഉദ്ദേശിച്ചു മേൽപ്രകാരം ചെയ്യുന്ന കാര്യത്തിൽ ഗവമ്മെണ്ടിന്റെ നഷ്ടം ഗണ്യമാക്കുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ സംഘങ്ങൾക്കു പ്രത്യേകിച്ചും അവരുടെ സമുദായത്തിനു സാമാന്യമായും ഗുണകരമല്ലെങ്കിൽ പിന്നെ ഗവമ്മെണ്ടിൽ നിന്നും നഷ്ടപ്പെട്ടിട്ടു കാര്യമുണ്ടോ ?

മിസ്റ്റർ എ. മാധവപ്രഭു : ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ വക സംഗതികളെക്കുറിച്ചു് അന്വേഷിച്ചുറിഞ്ഞതിനു മേലല്ലാതെ ഇനിമേലാൽ ഏല്പിച്ചുകൊടുക്കരുതെന്നുവെക്കുവാൻ വിരോധമുണ്ടോ ?

മിസ്റ്റർ എ. മാധവപ്രഭു : ഒരാൾ ഹർജി കൊണ്ടുവരുമ്പോൾ അതിനെപ്പറ്റിയെല്ലാം വിവരമായി അന്വേഷിക്കുവാൻ സമയമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അധഃകൃതസംഘങ്ങളെ കാപ്പ് ഏല്പിച്ചുകൊടുത്തു തുടങ്ങീട്ടു് എത്ര കൊല്ലമായി ?

Mr. President: About 5 years.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ അഞ്ചുകൊല്ലത്തിനിടയ്ക്കു അവരുടെ സമുദായത്തിനോ ആ സമുദായം നടത്തിവരുന്ന പ്രത്യേക സംഘങ്ങൾക്കോ യാ

LIBRARY ARCHIVES Kerala Legislative Assembly

തൊരു ഗുണവുമില്ലെന്നും ആ സമുദായത്തിലെ ചില പ്രത്യേക വ്യക്തികൾക്കു മാത്രമെ അതുകൊണ്ടു ഗുണമുള്ളുവെന്നും ഉണ്ടെങ്കിൽ ഗവണ്മെണ്ടു നഷ്ടപ്പെട്ടിട്ടു കാര്യമെന്താണു"?

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: സമുദായം എന്നു പറയുന്നതു വ്യക്തികൾ കൂടിയതല്ലേ?

ഡോക്ടർ എ. ആർ. മേനോൻ: ഡിപ്രസ്സ്ഡ് ക്ലാസിൽപെട്ടവർ വന്നു ചോദിച്ചാൽ കൊടുക്കേണ്ടാ എന്നാണോ പറയുന്നതു്?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൊടുക്കുകയാണെങ്കിൽ സംഘാംഗങ്ങൾക്കും സംഘങ്ങൾക്കും ആദായമുണ്ടോ എന്നു കാര്യകാരണങ്ങൾ ഏല്പിച്ചുകൊടുക്കുന്നിനുമുമ്പു് അന്വേഷിക്കണം. അങ്ങിനെ ചെയ്താൽ കുറച്ചു ഗുണമുണ്ടു്.

ഡോക്ടർ എ. ആർ. മേനോൻ: എങ്ങിനെയാണു് അതിന്റെ മെത്തേഡു്; പ്രാക്റ്റിക്കലായിട്ടുള്ളതു പറയണം. വെറുതെ തിയറട്ടിക്കലായിട്ടു പറഞ്ഞാൽ പോരാ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അധഃകൃതക്കു് ഏല്പിച്ചുകൊടുക്കുമ്പോൾ അവർ ഗവണ്മെണ്ടിനു് അടക്കേണ്ട സംഖ്യ കഴിച്ചു ബാക്കിവരുന്ന സംഖ്യ സംഘങ്ങൾക്കു് ഏല്പിച്ചുകൊടുക്കണമെന്നു വ്യവസ്ഥചെയ്തു. ഉദ്ദേശം ചില ആളുകൾക്കാണു് ആദായം കിട്ടിവരുന്നതു്. കച്ചീട്ടുകാക്കു കിട്ടുന്ന ആദായത്തിൽനിന്നും സംഘങ്ങൾക്കു യാതൊന്നും ലഭിക്കുന്നില്ല.

ഡോക്ടർ എ. ആർ. മേനോൻ: ലേലംവിളിക്കുമ്പോൾ ഒരാൾക്കല്ലേ വിളിക്കുവാൻ സാധിക്കുകയുള്ളു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതെ. പക്ഷെ ഗവണ്മെണ്ടിനെങ്കിലും കൂടുതൽ ആദായം ഉണ്ടാകുമല്ലൊ. ആ ആദായം സാധുക്കൾക്കുപകാരപ്പെടുത്താമല്ലൊ.

ഡോക്ടർ എ. ആർ. മേനോൻ: സംഘം എന്നു പറയുന്നതു വളരെ ആളുകൾ കൂടിയതല്ലേ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതെ. അവക്കെല്ലാവക്കും ഉപകാരപ്പെടണമെന്ന ഉദ്ദേശത്തോടുകൂടിയാണു ഞാൻ പറയുന്നതു്.

ഡോക്ടർ എ. ആർ. മേനോൻ: അപ്പോൾ ആ ആദായം ഭാഗിച്ചുകൊടുക്കുകയില്ലേ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇല്ല. ആ ആദായം സംഘത്തിനു കിട്ടുന്നില്ല. കച്ചീട്ടുകാരായ പ്രമാണികൾ ഈ പാവങ്ങളുടെപേരിൽ അനുഭവിക്കുകയാണു്.

ഡോക്ടർ എ. ആർ. മേനോൻ: പിന്നെ ആക്കു കിട്ടുന്നു?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പ്രമാണികളായ ചില വ്യക്തികൾക്കു്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: അധഃകൃത ഡിപ്പാർട്ടുമെണ്ടിൽനിന്നും ഈ സംഘങ്ങളെ നന്നാക്കുന്നതിനുള്ള നിയന്ത്രണങ്ങൾ നടത്തിവരുന്നില്ലേ?

ഡോക്ടർ എ. ആർ. മേനോൻ: ചെയ്യുന്നുണ്ടു്. ഇതൊക്കെ എങ്ങിനെയാണു കണ്ടുപിടിക്കുക. ഒരു സംഘത്തിൽ പത്തിരുപതുപേരുണ്ടായിരിക്കും. അവക്കു മത്സ്യക്കാളു കിട്ടിയാൽ ഗുണമുണ്ടെന്നു കണ്ടാൽ കൊടുക്കും. അതിൽ കൂടെ അവ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തെട്ടത്തു തിന്നാൽ എന്താണു ദോഷം വരുവാനുള്ളതെന്നു വിചാരിച്ചു കൊടുക്കുന്നതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അധഃകൃതരുടെ സൊസൈറ്റിക്കു കൊടുക്കുന്നതുകൊണ്ടു ഗവൺമെണ്ടിനു നഷ്ടമില്ലേ? ആ നഷ്ടം ആ സാധുസമുദായത്തിനു ഗുണത്തിനാണല്ലെ എന്നുവിചാരിച്ചല്ലെ ഗവൺമെണ്ടു നഷ്ടപ്പെടുന്നതു്?

ഡോക്ടർ എ. ആർ. മേനോൻ: നഷ്ടമുണ്ടെങ്കിലും വകവെക്കാറില്ല.

മിസ്റ്റർ കെ. കൊച്ചുകുഞ്ഞൻ കൈയ്യും: വല്ല ആക്ഷേപവും ഈ സംഗതിയിൽ ഗവൺമെണ്ടിനു കിട്ടീട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഇല്ല. മിസ്റ്റർ പണിക്കർ പറഞ്ഞമാതിരി ചിലതൊക്കെ ഉണ്ടാകും. ഒരു നിശ്ചയമനുസരിച്ചു് ഇങ്ങിനെ ചെയ്യുന്നതാണു നല്ലതെന്നുവെച്ചിട്ടുണ്ടു്. ഇതു വേണ്ടെന്നാണു് ഈ കൌൺസിൽ തീരുമാനിക്കുന്നതെങ്കിൽ എടുത്തുകളയാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അധഃകൃത ഡിപ്പാർട്ടുമെണ്ടിൽ ഇൻസ്പെക്ടർമാരില്ലേ? അവർ അന്വേഷിക്കുകയില്ലേ?

ഡോക്ടർ എ. ആർ. മേനോൻ: ഒരാൾ കൈക്കൂലിവാങ്ങിച്ചുവരുന്നുവെന്നു പറയാം, അതു തെളിയിക്കുവാൻ സാധിക്കുമോ? ഇതുപോലെ ലോകത്തിൽ പലതും നടക്കുന്നുണ്ടു്. അതൊക്കെ തെളിയിക്കുവാൻ പ്രയാസമാണു്. അതുപോലെ ഇതും ചില വ്യക്തികൾ എടുക്കുന്നുണ്ടെന്നു പറഞ്ഞാൽ തെളിയിക്കുവാൻ സാധിക്കയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കച്ചീട്ടുവെച്ചു ആളുകൾമാത്രമാണു് ആദായമെടുക്കുന്നതെന്നു കണ്ടാൽ അന്വേഷിക്കുമോ?

ഡോക്ടർ എ. ആർ. മേനോൻ: ഒന്നുകൂടി അന്വേഷിക്കാം.

മിസ്റ്റർ കെ. അയ്യപ്പൻ: സംഘങ്ങളിലെ അംഗങ്ങൾ വീതിച്ചാൽ അവരവക്കു കിട്ടുവാനുള്ളതു് ഊടാക്കാൻ സാധിക്കുകയില്ലേ?

ഡോക്ടർ എ. ആർ. മേനോൻ: എങ്ങിനെയാണു സാധിക്കുന്നതു്?

മിസ്റ്റർ സി. വി. ഇയ്യു: അവർ അധഃകൃതരുടെ പ്രമാണികളായിരിക്കുമോ?

ഡോക്ടർ എ. ആർ. മേനോൻ: എല്ലാ സമുദായത്തിലുമുണ്ടു്, ചില പ്രമാണികളും ചില നേരമ്പോക്കുകാരുമൊക്കെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കാട്ടൂർ പടന്ന പരസ്പരസഹായസംഘം, ചിറക്കൽ പടന്ന പരസ്പരസഹായസംഘം, കാരാഞ്ചിറ പടന്ന പരസ്പരസഹായസംഘം ഈ മൂന്നു സംഘങ്ങളിൽനിന്നു് ഇങ്ങിനെയുള്ള എത്ര ആക്ഷേപങ്ങൾ ഗവൺമെണ്ടിനു കിട്ടീട്ടുണ്ടു്?

ഡോക്ടർ എ. ആർ. മേനോൻ: ഫിഗേഴ്സിനെപ്പറ്റിയുള്ള ചോദ്യമായതുകൊണ്ടു നോട്ടീസ്സുവേണം.

APPENDIX

(Please see answer to question No. 210)

൧൯൪൩-൩മാണ്ടിൽ മുകുന്ദപുരം-തൃശ്ശിവപേരൂർ താലൂക്കുകളിൽ അധഃകൃത പരസ്പരസഹായ സംഘങ്ങൾക്കു കൊടുത്തിട്ടുള്ള മത്സ്യകാപ്പുകൾക്കു വിവരം.

നമ്പ്	താലൂക്ക്	വില്ലേജ്	കാപ്പുകളുടെ വിവരം
൧	മുകുന്ദപുരം	ആനന്ദപുരം	സർവ്വെ ൭൨/ ൧-൨
൨		പൂമംഗലം	സർവ്വെ ൩൩൭
൩		പൊറത്തിശ്ശേരി	സർവ്വെ ൧൭൭, ൧൮൨, ൧൮൪, ൧൮൮, ൧൮൯, ൧൯൦൩, ൧൯൧, ൧൯൧൦, ൧൯൩൩, ൧൯൩൪, ൧൯൩൭, ൩൨, ൧൯൭൭ നമ്പ്രുകൾ
൪	തൃശ്ശിവപേരൂർ	പുല്ലഴി	സർവ്വെ ൩൪൫, ൩൩൩, ൭൨൫ നമ്പ്രുകൾ
൫		അരണാട്ടുകര	സർവ്വെ ൫൩൨, ൩൦൦/൩, ൩൦൨, ൫൩൩, ൫൮൭, ൫൩൦, ൫൩൨/൨, ൫൮൫, ൫൩൨/൨, ൫൭൪/൨, ൫൭൪/൨, ൫൭൭/൩, ൫൭൭/൨, ൫൮൭, ൩൦൬, ൩൪൪/൨, ൫൭൬, ൩൦൯, ൪൩൪, ൩൦൩ നമ്പ്രുകൾ
൬		പരക്കാട്ട്	സർവ്വെ ൪൮൨/൨
൭		കണിമംഗലം	സർവ്വെ ൫൦൪, ൫൦൫, ൮൩൧, ൮൪൩/൧, ൮൩൭/൧, ൮൩൩/൧, ൮൩൬, ൮൮൦, ൮൮൧, ൮൮൨, ൮൮൩ നമ്പ്രുകൾ
൮		ടി	നെടുപുഴ കാപ്പ്
൯		ഊരകം	സർവ്വെ ൨൪൨, ൪൪൩, ൫൩൭, ൯൮൨ നമ്പ് കരുവന്നൂർ പുഴ
൧൦		ചെമ്പൂര്	സർവ്വെ ൩൧൭, ൩൨൨, ൩൭൨, ൩൭൭, ൩൮൨ നമ്പ്രുകൾ

LIBRARY ARCHIVES Kerala Legislative Assembly

APPENDIX—*(cont.)*

നമ്പ്	താലൂക്ക്	വില്ലേജ്	കാപ്പുകളുടെ വിവരം
൧൫	തൃശ്ശിവപേരൂർ	പള്ളിപ്പുറം	സർവ്വേ ൧൦൨, ൧൫൭, ൧൬൭, ൧൭൪, ൧൮൨, ൧൯൭, ൧൯൮, ൨൦൩, ൨൦൪, ൨൧൫ നമ്പുകൾ
൧൮		ചേപ്പ്	സർവ്വേ ൩൦൪, ൩൦൫, ൩൦൯, ൩൧൩, ൩൧൩/൨, ൩൩൦, ൩൪൫, ൩൪൮, ൩൫൦, ൩൫൩ നമ്പുകൾ
൧൩		കുമ്പിലാവ്	സർവ്വേ ൪൫൫, ൪൭൭, ൪൭൫, ൩൩൭, ൧൦൦൭, ൧൦൦൫ നമ്പുകൾ
൧൪		ഇഞ്ചമുടി	സർവ്വേ ൪൪൦/൧
൧൬		വടക്കുംമുറി	സർവ്വേ ൪൩൩
൧൩	മുകുന്ദപുരം	കാറളം	സർവ്വേ ൩, ൧൦൧, ൧൦൨, ൧൬൬, ൩൫൩, ൩൭൫, ൩൫ ൧, ൧൦൪, ൧൧൭൭, ൧൧൩൭ നമ്പുകൾ
൧൭		കാട്ടൂർ	സർവ്വേ ൧/൨, ൨/൨, ൯൦൪ നമ്പുകൾ

———

LIBRARY ARCHIVES Kerala Legislative Assembly